II ഇ.ബി. XIV-കേരള നിയമസഭ /II-9

# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ഒക്ടോബർ 19, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

26 (*361) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതനം

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) നൽകിയ മറുപടിയിൽ, സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് കൂലി വർദ്ധിപ്പിക്കുന്നതിനായി 11.02.2016-ലെ ഉത്തരവ് പ്രകാരം തൊഴിലാളി/തൊഴിലുടമാ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ലേബർ കമ്മീഷണർ അദ്ധ്യക്ഷനായി കമ്മിറ്റി രൂപീകരിക്കുകയും ഒൻപത് ജില്ലകളിൽ തെളിവെടുപ്പ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 10.08.2016-ന് കമ്മിറ്റിയുടെ കാലാവധി അവസാനിച്ചതിനാൽ

ആറുമാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ തെളിവെടുപ്പുകൂടി പൂർത്തീകരിച്ചുകഴിഞ്ഞാൽ മാത്രമേ റിപ്പോർട്ടിന് അന്തിമരൂപമാകുകയുള്ളൂ. 23.05.2013-ലെ ഉത്തരവ് പ്രകാരം നഴ്സുമാരുടെ പ്രാക്ടിക്കൽ ട്രെയിനിംഗ് കാലയളവ് പരമാവധി ഒരുവർഷം എന്ന് നിജപ്പെടുത്തുകയും സ്വകാര്യ ആശുപത്രിയിലെ നഴ്സിംഗ് ജീവനക്കാരുടെ ആകെ എണ്ണത്തിന്റെ 25 ശതമാനത്തിലധികം ട്രെയിനികൾ പാടില്ലാത്തതാകുന്നുവെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിദേശരാജ്യങ്ങളിലേയ്ക്കുള്ള നഴ്സിംഗ് റിക്രൂട്ട്മെന്റ് സുതാര്യമാക്കുന്നതിനും അവിടെ ജോലി ചെയ്യുന്ന നഴ്സുമാർ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനും നോർക്കയുമായി ആലോചിച്ച് നടപടി സ്വീകരിക്കുമെന്നും ODEPC-ന്റെ പ്രവർത്തനം ശക്തിപ്പെടുത്തുമെന്നും സ്വകാര്യ ആശുപത്രികൾ ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്നതിനാൽ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തി നിയമം കർശനമായി നടപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 2016 ഫെബ്രുവരി 24-ന് രൂപീകരിച്ച കമ്മിറ്റിയുടെ ശിപാർശകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നും

നഴ്സുമാരുടെ ശമ്പള വർദ്ധനവ് മാത്രമല്ല സർവ്വീസ് ആനുകൂല്യങ്ങളും തൊഴിലിടങ്ങളിലെ സുരക്ഷിതത്വവും ഉറപ്പുവരുത്താനാവശ്യമായ നടപടികളും സ്വീകരിക്കുമെന്നും വിദ്യാഭ്യാസ വായ്പകൾ ജോലി ലഭിച്ചതിനുശേഷം മാത്രമേ ഈടാക്കാൻ പാടുള്ളൂവെന്ന് ബാങ്കുകൾക്ക് നിർദ്ദേശം നൽകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി സഭയെ അറിയിച്ചു.

27 (*362) <u>ജനനി ജന്മരക്ഷാ പദ്ധതി</u>

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) നൽകിയ മറുപടിയിൽ, പട്ടികവർഗ്ഗ വിഭാഗത്തിലെ അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണത്തിനായി ജനനി ജന്മരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും ഗർഭാവസ്ഥയിലുള്ളവർക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്നും സഭയെ അറിയിച്ചു. ഈ പദ്ധതിയിലൂടെ ഗർഭാവസ്ഥയുടെ മൂന്നാം മാസം കഴിഞ്ഞ് കുഞ്ഞിന് ഒരു വയസ്സ് തികയുംവരെ പ്രതിമാസം ആയിരം രൂപ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നു. ആദിവാസികളുടെയിടയിൽ പോഷകാഹാരക്കുറവ് മൂലമുള്ള ശിശുമരണങ്ങൾ പരിഹരിക്കാൻ പട്ടികവർഗ്ഗ വികസനം, സാമൂഹ്യനീതി, ആരോഗ്യം എന്നീ

വകുപ്പുകൾ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. സാമൂഹ്യനീതി വകുപ്പിനുകീഴിൽ അംഗൻവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം, പ്രീസ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട, ശിശുക്കൾക്കായി അമൃതം ന്യൂട്രിമിക്സ് എന്നിവ വിതരണം ചെയ്യുന്നതോടൊപ്പം പെൺകുട്ടികൾക്ക് പൂരക പോഷകാഹാരം വിതരണം ചെയ്യുന്ന ശബല പദ്ധതി, പോഷകാഹാര അപര്യാപ്തതയുള്ളവർക്ക് സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം എന്നിവയും നടപ്പിലാക്കി വരുന്നു. അട്ടപ്പാടി മേഖലയിൽ 192 ഊരുകളിൽ 93 കമ്മ്യൂണിറ്റി കിച്ചനുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ബാക്കി ഊരുകളിൽ ഒരുമാസത്തിനുള്ളിൽ പ്രവർത്തിപ്പിക്കുമെന്നും ഇതിനായി 3.48 കോടി രൂപ കുടുംബശ്രീക്ക് കൈമാറിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അട്ടപ്പാടി മേഖലയിൽ ആരോഗ്യ വകുപ്പിനുകീഴിലുള്ള ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകളിൽ പോഷകാഹാരക്കുറവുള്ളവർക്ക് ആവശ്യമായ പരിചരണവും ചികിത്സയും നൽകുന്നതോടൊപ്പം പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് വിവിധ വകുപ്പുകളുടെ സഹായത്തോടെ കൗൺസിലിംഗും ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു. ജനനി ജന്മരക്ഷാ പദ്ധതിയിൽ 2013-14, 2014-15 വർഷങ്ങളിൽ ഫണ്ട് ചെലവഴിച്ചതുമായി ബന്ധപ്പെട്ട് ക്രമക്കേട് കണ്ടെത്തിയതിനെത്തുടർന്ന് അന്നത്തെ അസിസ്റ്റന്റ്

ഡയറക്ടർ ശ്രീ. പ്രേമദാസിനെ സസ്പെന്റ് ചെയ്തെന്നും ഇത് സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടക്കുന്നുണ്ടെന്നും വിജിലൻസ് അന്വേഷണത്തിന് തയ്യാറാണെന്നും മന്ത്രി അറിയിച്ചു. ഐ.റ്റി.ഡി.പി. ഓഫീസ് പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ആദിവാസികളുടെ പരമ്പരാഗത കൃഷി രീതികൾ തിരിച്ചുകൊണ്ടുവരുന്നതിന് ശ്രമിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. എഫ്.സി.ഐ. ഗോഡൗണുകളിൽനിന്ന് ഗുണനിലവാരം കുറഞ്ഞ അരി വിതരണം ചെയ്തത് സംബന്ധിച്ച് വിജിലൻസ് അന്വേഷിക്കുന്നുണ്ടെന്ന് മുഖ്യമന്ത്രിയും ഐക്യരാഷ്ട്ര സഭയുടെ എസ്.ഡി.ജി.യുടെ ഭാഗമായി 2020 ആകുമ്പോൾ ആദിവാസി മേഖലയിലെ ശിശുമരണ നിരക്ക് പന്ത്രണ്ടിൽനിന്നും എട്ടായി കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ ഏർളി ഡിറ്റക്ഷനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് സഭയെ അറിയിച്ചു.

28(*363) <u>തൊഴിൽ നൈപുണ്യ രംഗത്ത് സമഗ്രവികസനം</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) നൽകിയ മറുപടിയിൽ, വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ കേരള അക്കാദമി ഫോർ സ്കിൽസ്

എക്സലൻസ് (Kerala Academy for Skills Excellence) സ്ഥാപിതമായെന്നും ഇതിന്റെ മേൽനോട്ടത്തിൽ സെന്റർ ഓഫ് എക്സലൻസ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ, കൗശൽ കേന്ദ്രങ്ങൾ, എംപ്ലോയബിലിറ്റി സെന്ററുകൾ, കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ തുടങ്ങിയ നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (NSDC) അഫിലിയേറ്റഡ് പാർട്ട്ണർ ആയ KASE (കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്) സ്വകാര്യ പങ്കാളികളുമായി ചേർന്നു നടത്തുന്ന കോഴ്സുകൾക്ക് NSQF അലൈൻമെന്റ് (നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക്) ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നതോടൊപ്പം നൈപുണ്യ വികസന പദ്ധതികൾക്കായി കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കിവരുന്നതായി മന്ത്രി വ്യക്തമാക്കി. സെന്റർ ഓഫ് എക്സലൻസിനുകീഴിൽ NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്); CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി); ESPOIR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്); CRETT (സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്); CEED (സെന്റർ ഫോർ എക്സലൻസ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ്) എന്നിവ പ്രവർത്തിക്കുന്നു. ഇന്ത്യൻ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) -ലൂടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് കോഴ്സുകളും മേസണറി, കാർപെന്ററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ, സൈറ്റ് മാനേജർ എന്നീ മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന കോഴ്സുകളും ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. സ്കൂൾ, കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കി അവർക്ക് ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അസ്സെസ്സ്മെന്റ് ആന്റ് കരിയർ ഗൈഡൻസ് സെല്ലായി കൗശൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയും കഴിവും അഭിരുചിയും മനസ്സിലാക്കി കുറവുകൾ പരിഹരിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകി തൊഴിലിന് പ്രാപ്തരാക്കുകയും എംപ്ലോയബിലിറ്റി സെന്ററിനകത്തും പുറത്തുമായി തൊഴിൽമേളകൾ സംഘടിപ്പിച്ച് സ്വകാര്യമേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കുകയും ചെയ്യുന്നു. ഡിസൈൻ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച KSID-യുടെ കീഴിൽ പ്രാഥമിക ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ ആന്റ് അപ്പാരൽ ഡിസൈൻ, ഐ.ടി. ഇന്റഗ്രേറ്റഡ് കമ്മ്യൂണിക്കേഷൻ ഡിസൈൻ, ഇന്റഗ്രേറ്റഡ് ലൈഫ്സ്റ്റൈൽ പ്രോഡക്ട് ഡിസൈൻ തുടങ്ങിയ പി.ജി. ഡിപ്ലോമ കോഴ്സുകൾ നടന്നു

വരുന്നു. എംപ്ലോയ്മെന്റ് സെന്ററുകളെ ഒഴിവാക്കിക്കൊണ്ട് സ്വകാര്യ മേഖലയിൽ നിയമനം നടത്തുന്നത് സംബന്ധിച്ച് പരാതി ലഭിച്ചാൽ അന്വേഷിക്കുമെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3270 മുതൽ 3530 വരെയുള്ള ചോദ്യങ്ങളിൽ 88 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)